**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജൻറുമാരുടെ പ്രതിമാസ അലവൻസ് ഓൺ ലൈനായി നടപ്പാക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം - സി) വകുപ്പ്**

സ.ഉ. (അച്ചടി) നം.76/2017/ധന തീയതി, തിരുവനന്തപുരം, 13.06.2017

---

പരാമർശം :- 09.06.2017 തീയതിയിലെ ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറുടെ 250/എൻ.എസ്.എ 1/2017 നമ്പർ അനൗദ്യോഗിക കുറിപ്പ്.

**<u>ഉത്തരവ്</u>**

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ പുതിയ വെബ് ആപ്ലിക്കേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജന്റുമാരുടെ പ്രതിമാസ അലവൻസ് ഓൺ ലൈനായി നടപ്പാക്കുന്നതിന് ജില്ലാ ഓഫീസുകൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ പാലിക്കേണ്ട പ്രധാന നിബന്ധനകൾ താഴെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

1. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഏജൻറുമാരുടെ പ്രതിഫലത്തുക ebt.kerala.gov.in എന്ന സോഫ്റ്റ് വെയർ മുഖേന മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.
2. ഓരോ മാസത്തെ പ്രതിഫലം കൊടുക്കുന്നതിന് ഉത്തരവാകുന്ന മുറയ്ക്ക് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ നേരിട്ട് ഏജൻറുമാരുടെ ക്ഷേമനിധി, പെൻഷൻ വിഹിതം എന്നിവ കുറവ് ചെയ്യേണ്ടതും പെൻഷൻ വിഹിതം തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ 701011400000146 എന്ന അക്കൗണ്ടിലും, ക്ഷേമനിധി വിഹിതം 701011400000147 എന്ന അക്കൗണ്ടിലും ഒടുക്കേണ്ടതുമാണ്.
3. ജില്ലാ ഓഫീസർമാർക്ക് ഏജൻറുമാരുടെ അക്കൗണ്ടിലേക്ക് പ്രതിഫലമായി നൽകേണ്ട തുകയും, ആദായ നികുതി ഈടാക്കേണ്ട തുകയും ചേർത്ത് നൽകുന്നതാണ്. ജില്ലാ ഓഫീസർമാർ, ബന്ധപ്പെട്ട

ബ്ലോക്കോഫീസുകളിലേക്ക് അവിടെ നിന്നും വിതരണം ചെയ്യേണ്ട അക്കൗണ്ടിലേക്ക് പ്രതിഫലത്തുകയും ആദായ നികുതിയും ചേർത്ത തുക നൽകുന്നതാണ്. എല്ലാ ജില്ലാ ഓഫീസർമാരും അർഹരായ ഏജൻറുമാരുടെ അക്കൗണ്ടുകളിലേയ്ക്ക് തുക നിക്ഷേപിച്ച് നൽകേണ്ടതും ബന്ധപ്പെട്ട ശീർഷകത്തിൽ ആദായ നികുതി തുക അടയ്ക്കേണ്ടതുമാണ്.

4. തുക ആവശ്യപ്പെട്ട ശേഷം ഏജന്റ് മരണപ്പെടുന്നതുകൊണ്ടോ സാമ്പത്തിക ക്രമക്കേടുമൂലമോ മറ്റേതെങ്കിലും കാരണവശാലോ, ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച ശേഷം തുക തടഞ്ഞു വയ്ക്കാനുള്ള അധികാരം ജില്ലാ/ബ്ലോക്ക് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.
5. ഏജന്റ്സ് വെൽഫെയർ/ഏജന്റ്സ് പെൻഷൻ ഫണ്ട് എന്നിവയിൽ വിഹിതമായി ഈടാക്കിയിട്ടുള്ള തുക പൂർണ്ണമായും ശരിയാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.
6. ഡയറക്ടറേറ്റിൽ നിന്നും പ്രതിഫലം നൽകുവാൻ നിർദ്ദേശിക്കുന്ന മാസത്തെ കളക്ഷൻ വിവരം 10 ദിവസത്തിനുള്ളിൽ ebt സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
5. ഡയറക്ടർ, കേരള സംസ്ഥാന ട്രഷറി വകുപ്പ്, തിരുവനന്തപുരം
6. ദേശീയ സമ്പാദ്യ പദ്ധതി, എല്ലാ ജില്ലാ ഓഫീസർമാർക്കും
7. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
8. ശ്രീ.പ്രതീപ്, അസിസ്റ്റന്റ് ഡയറക്ടർ, നോഡൽ ഓഫീസർ, സോഫ്റ്റ് വെയർ
9. നോഡൽ ഓഫീസർ,www.finance.kerala.gov.in
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ